നൽകിയിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കാനും ഈ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുമായി സ്ഥലവാസികളായ മുൻ മയക്കുമരുന്ന് കുറ്റവാളികളോ ക്രിമനലുകളോ ബന്ധപ്പെടുന്നുണ്ടോയെന്നും നരീക്ഷിച്ചുവരുന്നുണ്ട്.

(ബി) അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ അതാതു പോലീസ് സ്റ്റേഷനുകളിൽ അറിയിക്കാനും ഈ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട പരാതി ലഭിച്ചാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

13(*613) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും റിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിന് പുറമെ വൻതോതിൽ ഹവാല ഇടപാടും നടന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് നടത്തിയ കൊച്ചിയിലെ രവിപുരം ചർച്ച് ലാന്റിംഗ് റോഡിൽ പ്രവർത്തിക്കുന്ന അൽ സറാഫ നഴ്സിംഗ് ഏജൻസിയുടെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിന് ലഭിച്ച വിവരങ്ങൾ സംബന്ധിച്ച് യഥാസമയം അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ ; പ്രസ്തുത ഇടപാടിൽ കണ്ണികളായി പ്രവർത്തിച്ചിരുന്നവർ ആരൊക്കെയാണ് ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് എന്തെങ്കിലും നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ട്രസ്റ്റുമായി പ്രസ്തുത ഏജൻസി ഉടമ ശ്രീ. ഉലഹന്നാൻ വർഗ്ഗീസ് എന്തെങ്കിലും ഇടപാട് നടത്തുകയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച് കൊച്ചി സി.ബി.ഐ. യൂണിറ്റും ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസുമാണ് അന്വേഷണം നടത്തുന്നത്. എൽ. അഡോൾഫസ്, പ്രൊട്ടക്ടർ എമിഗ്രന്റ്സ്, കൊച്ചി മൈലക്കാട് വർഗ്ഗീസ് ഉലഹന്നാൻ (മാനേജിംഗ് ഡയറക്ടർ അൽ സറാഫ ട്രാവൽസ്), കെ. എസ്. പ്രദീപ് (അക്കൗണ്ടന്റ്, അൽ സറാഫ ട്രാവൽസ്), ജോസി ജോസഫ് ആലപ്പുഴ എന്നിവരെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത കേസ്സിലാണ് അന്വേഷണം നടന്നുവരുന്നത്.

(സി) സി.ബി.ഐ.-യും ഡയറക്ടർ ഓഫ് റവന്യൂ ഇന്റലിജൻസും ഇതിനെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ലോക്കൽ പോലീസ് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അത്തരം ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

14(*614) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിനു പരിഹാരം കണ്ടെത്തുന്നതിനായി ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിന് തയ്യാറാകുമോ ;

(സി) പരിഗണനയിലെത്തുന്ന ഫയലുകളിൽ സമയബന്ധിതമായ തീരുമാനം എടുക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണ പരിഷ്കാര നടപടികളിലൂടെയും ജീവനക്കാരെ വിശ്വാസത്തിലെടുത്തും വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly